പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1216

21.3.2013- ൽ
മറുപടിക്ക്

## സമൃദ്ധി കാർഷിക പ്രോത്സാഹന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴക്കൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, കെ. ശിവദാസൻ നായർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർഫെഡിന്റെ സമൃദ്ധി കാർഷിക പ്രോൽസാഹന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ; | (എ) കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുക.<br>ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക.<br>കയറുൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പി - ക്കുക എന്നിവ യാണ് കയർഫെഡിന്റെ കാർഷിക പ്രോത്സാഹന സമൃദ്ധി പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| (ബി) സംസ്ഥാനത്തെ പച്ചക്കറി വിളകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പാദന വർദ്ധനവിനും എന്തെല്ലാം ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടു-ത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ടെറസ് ഫാമിംഗിന് ഉതകുന്ന ചകിരിച്ചോറ് അടിസ്ഥാനമാക്കിക്കൊണ്ടുള്ള യു.വി. ട്രീറ്റഡ് ഗ്രോ ബാഗും കയറു പയോഗിച്ചുള്ള സമൃദ്ധി നെറ്റുമാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ? | (സി) കയർഫെഡ് ത്രിതല പഞ്ചായത്തു കളുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ